## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** — **04-02-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ<br>,, ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ. ബാബു** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് വിനോദസഞ്ചാര മേഖലയിൽ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കാൻ വിപണനത്തിലും അടിസ്ഥാന സൗകര്യവികസന മേഖലയിലും നടത്തിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് സംസ്ഥാന വിനോദസഞ്ചാര മേഖലയെ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കാൻ വിപണനത്തിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും വിനോദസഞ്ചാര വകുപ്പ് പ്രധാനപ്പെട്ട പല പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br><br>പ്രളയം മൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായി കഴിഞ്ഞു. പ്രളയത്തിന് ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ മുതലായവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാന ചില പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം" |

| | | | |
|---|---|---|---|
| | | | • കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ<br>പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് വിനോദ സഞ്ചാര മേഖലയിൽ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കുവാൻ ടൂറിസം വകുപ്പ് നടത്തിയ വിപണന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.<br>• "IT's Time for Kerala" എന്ന ആശയത്തിൽ ഊന്നിയ പ്രചാരണ പരിപാടികൾ.<br>• ഇന്ത്യയിലെ വിവിധ സിനിമ സ്ക്രീനുകളിൽ നൽകിയ പരസ്യങ്ങൾ.<br>• രാജ്യത്തിനകത്തും പുറത്തുമുള്ള പത്രങ്ങളിലും മാസികകളിലും നടത്തിയ പരസ്യ പ്രചാരണം.<br>• "Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• FAM ടൂറുകൾ സംഘടിപ്പിക്കൽ.<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• കൂടുതൽ ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം.<br>• കൂടുതൽ ദേശീയ അന്തർദേശീയ സിറ്റികളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ.<br>• ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ. |

| | | | |
|---|---|---|---|
| | | | • ചാമ്പ്യൻസ് ബോട്ട് ലീഗ്<br>• കേരളം ബ്ലോഗ് എക്സ്പ്രസ്സ്<br>• OOH ക്യാമ്പയിനുകൾ<br>• വിദേശ വിപണികളിൽ ബസ്/ക്യാബ്/ട്രാം ബ്രാൻഡിംഗ്<br>• ലണ്ടൻ ട്യൂബ് ബ്രാൻഡിംഗ്. |
| (ബി) | വിനോദസഞ്ചാര വ്യവസായത്തിന്റെ സദ്ഫലങ്ങൾ ഗ്രാമീണ മേഖലയിലേക്ക് കൂടി എത്തിക്കുന്നതിന് ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ടൂറിസം മേഖലയിൽ സാധാരണക്കാരായ തദ്ദേശീയരായ ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 2017 ൽ നിലവിൽ വന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ (ആർ.ടി. മിഷൻ) നേതൃത്വത്തിലാണ് നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, തദ്ദേശീയ സമൂഹത്തിന്റെയും സഹായത്തോടെ അതാത് പ്രദേശത്തെ പ്രത്യേകതകൾ കണ്ടെത്തി അതിനനുസരിച്ചുള്ള ടൂറിസം വികസന പ്രവൃത്തികളും പദ്ധതികളും ആർ.ടി. മിഷൻ നടപ്പിലാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി, മോഡൽ ആർ.ടി. വില്ലേജ് പദ്ധതി, എന്നിങ്ങനെ വിവിധ പദ്ധതികൾ ഇപ്രകാരം നടന്നു വരുന്നു.<br>അതോടൊപ്പം വിവിധ ജില്ലകളിൽ അതാത് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും, സാമൂഹികവും, സാംസ്കാരികവും ആയ സവിശേഷതകളും വിനോദ സഞ്ചാരികൾക്ക് ആസ്വദിക്കുന്നതിനായി വില്ലേജ് |

| | | | |
|---|---|---|---|
| | | | ലൈഫ് എക്സ്പീരിയൻഷ്യൽ ടൂർപാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, സ്റ്റോറിടെല്ലിങ് പാക്കേജുകൾ, സൈക്കിൾ ടൂറുകൾ, ഗ്രാമയാത്രകൾ, ഉത്സവകാല ടൂർപാക്കേജുകൾ എന്നിങ്ങനെ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ആർ.ടി. മിഷൻ നടത്തി വരുന്നു. |
| (സി) | കേരളീയ ഭക്ഷണത്തെ ബ്രാൻഡാക്കി വിദേശികളുൾപ്പെടെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള എത്തിക് കുസീൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഹോം സ്റ്റേകളെ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണിത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2008 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. എത്തിക് കുസിൻ നെറ്റ് വർക്കിൽ ഉൾപ്പെടുന്ന യൂണിറ്റുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിർദേശ പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് ടോയിലറ്റ് സൗകര്യം, പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കി ശുദ്ധമായ കുടിവെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പു വരുത്തണം. പദ്ധതിയുടെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം ജില്ലകളിൽ പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റ ഫീഡിംഗ് നടന്നു വരുന്നു. യൂണിറ്റുകൾക്ക് ഇതിനാവശ്യമായ സോഫ്റ്റ് വെയർ ട്രെയിനിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഭക്ഷണ വൈവിധ്യം ലോകത്തിനു മുൻപിൽ അവതരിപ്പിക്കുവാനായി കേരളീയ ഭക്ഷ്യ വിഭവങ്ങൾ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് |

| | | | |
|---|---|---|---|
| | | | സമൂഹമാധ്യമ അക്കൗണ്ടുകളിലും ഉൾപ്പെടുത്തി വരുന്നു. മാത്രമല്ല കേരളീയ ഭക്ഷണവും ജീവിതാന്തരീക്ഷവും വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്നതിനായി തന്നെയാണ് ഹോംസ്റ്റേ മുതലായവയ്ക്ക് വകുപ്പ് മുന്തിയ പരിഗണന നൽകുന്നത്. ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയ്ക്ക് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നിങ്ങനെ തരംതിരിച്ച് അംഗീകാരം നൽകി വരുന്നുമുണ്ട്. കൂടാതെ, വീട്ടമ്മമാരായ ചെറുകിട സംരംഭകർക്ക് തങ്ങളുടെ ഭക്ഷ്യ വിഭവങ്ങൾ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുവാനുള്ള പദ്ധതി കൂടിയാണ് എതിക് ക്യുസീൻ പദ്ധതി. |

**സെക്ഷൻ ഓഫീസർ**